# എൻഡോസൾഫാൻ വക്താവ് പ്രകൃതികൃഷി നടപ്പിലാക്കാൻ കാസർകോട്ടേക്ക്

സ്വന്തം ലേഖിക

കീടനാശിനി ഉൽപാദകരെ സഹായിക്കാൻ സർക്കാർ സംവിധാനം ദുർവിനിയോഗം ചെയ്ത് നമ്മുടെ കാർഷിക വിദഗ്ധരും ശാസ്ത്രജ്ഞരും അവർക്ക് ജനങ്ങളോടുള്ള പ്രതിബദ്ധത ഒന്നുകൂടി തെളിയിച്ചത് കാസർഗോഡ് എന്റോസൾഫാൻ ദുരന്തത്തിൽ നാം കണ്ടതാണല്ലോ? ഈ സംഭവത്തിലെ ഒടുവിലത്തെ ചില കള്ളക്കളികളിതാ.

എന്റോ സൾഫാൻ പ്രശ്നത്തെക്കുറിച്ചന്വേഷിച്ച് നിർദ്ദേശങ്ങൾ നൽകാനായി ഗവൺമെന്റ് ഡോ. അച്യുതാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഇനിയൊരുത്തരവുണ്ടാവുന്നതുവരെ എൻഡോ സൾഫാൻ സംസ്ഥാനത്ത് നിരോധിക്കുകയും ചെയ്തു.

ഡോ. അച്യുതൻ കമ്മിറ്റി റിപ്പോർട്ട് മറ്റാർക്കും ലഭിക്കുന്നതിനു മുമ്പേ അച്യുതൻ കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് PMFAI (Pesticide Manufacturers & Fermentors Association of India) ഡിസംബറിൽ ഹൈക്കോടതിയിൽ നിന്ന് ഇടക്കാല ഉത്തരവ് നേടിയിരിക്കുന്ന ഈ ഉത്തരത്തിന്റെ പിൻബലത്തിൽ അച്യുതൻ കമ്മിറ്റി റിപ്പോർട്ട് ഉയർത്തിക്കാട്ടി നിരോധന ഉത്തരവ് പിൻവലിക്കണമെന്നും PMFAI കഴിഞ്ഞ മാസം 29ാം തിയ്യതി പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

കീടനാശിനി ഉൽപാദകരുടേയും വിഷംകൊണ്ട് ദുരിതം വിതച്ച കേരള പ്ലാന്റേഷൻ കോർപ്പറേഷന്റേയും റിപ്പോർട്ടുകൾ മുഖവിലയ്ക്കെടുത്ത കമ്മിറ്റി ലോകപ്രശസ്ത ശാസ്ത്രഗവേഷണ സംഘടനയായ സി.എസ്.ഇ. കാസർകോട് നടത്തിയ പഠന റിപ്പോർട്ട് യാതൊരടിസ്ഥാനവുമില്ലാതെ നിരാകരിക്കുകയും ചെയ്തു.

കമ്മിറ്റി അംഗമായ ഡോ. അബ്ദുൾസലാം നടത്തിയ പഠനങ്ങളെ വളരെ ശരിയായ പഠനമെന്ന് അബ്ദുൾസലാം ഉൾപ്പെട്ട കമ്മിറ്റി തന്നെ വിലയിരുത്തി എൻഡോസൾഫാനെ കുറ്റവിമുക്തമാക്കാൻ ശ്രമിക്കുമ്പോൾ തന്നെ നാട്ടുകാർ അബ്ദുൾ സലാമിന്റെ റിപ്പോർട്ടിനെ വിമർശിച്ചുകൊണ്ട് പുറപ്പെടുവിച്ച ധവളപത്രം മുക്കിക്കളഞ്ഞു.

കേരള പ്ലാന്റേഷൻ കോർപ്പറേഷൻ (പി.സി.കെ.യുടെ) നടപടികൾ അശാസ്ത്രീയവും കുറ്റകരവുമായിരുന്നുവെന്നും കണ്ടെത്തിയ കമ്മിറ്റി, ഇക്കാലമത്രയും കീടനാശിനി തളിക്കാൻ ഉപദേശം നൽകിയിരുന്ന അബ്ദുൾ സലാമിനേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരേയും സ്ഥാപനത്തെയും എൻ. എഫ്. സി. സി. ശാസ്ത്രജ്ഞരെയും എന്തിനു കണ്ടില്ലെന്നു നടിച്ചു?

ഇത്രയും കാലം എൻഡോസൾഫാൻ പ്രചരിപ്പിക്കുകയും അതിനുവേണ്ടി വാദിക്കുകയും ചെയ്ത അബ്ദുൾ സലാം കാസർകോട് പഡ്രേ ഡിവിഷനിൽ കശുമാവ് ജൈവകൃഷി രീതികൾ ആവിഷ്കരിക്കുന്നതിനായി ലക്ഷങ്ങളുടെ പ്രൊജക്റ്റുമായി കാസർകോഡേക്ക് വണ്ടികയറിയിട്ടുണ്ട്.

## എൻഡോ സൾഫാൻ തളിക്കരുതെന്ന് വിദഗ്ധ സമിതി നിർദ്ദേശം

തിരുവനന്തപുരം : എല്ലാ കശുവണ്ടിതോട്ടങ്ങളിലും ഹെലികോപ്റ്റർ വഴി എൻഡോസൾഫാൻ തളിക്കുന്നത് പൂർണ്ണമായും നിരോധിക്കണമെന്ന് ഡോ. എ. അച്യുതൻ അദ്ധ്യക്ഷനായുള്ള വിദഗ്ധസമിതി നിർദ്ദേശിച്ചു. രണ്ടു പതിറ്റാണ്ടായി തുടർച്ചയായി ഉപയോഗിച്ചുവരുന്നതിനാൽ എല്ലാ തോട്ടങ്ങളിലും അടുത്ത 5 വർഷത്തേയ്ക്ക് എൻഡോസൾഫാൻ ഉപയോഗിക്കരുതെന്ന് സമിതി നിർദ്ദേശിച്ചു. പ്ലാന്റേഷൻ കോർപ്പറേഷന്റെ പെരള ഡിവിഷനിൽ അടുത്ത അഞ്ചു വർഷത്തേയ്ക്ക് രാസകീടനാശിനികൾക്ക് അവധി (പെസ്റ്റിസൈഡ് ഹോളിഡേ) നൽകണമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു. ആകെ 11 നിർദ്ദേശങ്ങളാണ് സമിതി നൽകിയിട്ടുള്ളത്.

എൻമകജെ പഞ്ചായത്തിലെ പഡ്രെ ഗ്രാമത്തിൽ പല രോഗങ്ങളും വർദ്ധിച്ചു കാണുന്നതിന് എൻഡോസൾഫാൻ എന്ന കീടനാശിനിയാണോ കാരണമെന്ന് കൃത്യമായി തെളിയിക്കുന്നതിന് വിശദമായ പഠനങ്ങൾ ആവശ്യമാണെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു. ഇത്തരം വിശദമായ പഠനങ്ങളുടെ അഭാവത്തിൽ എൻഡോ സൾഫാനെ കുറ്റപ്പെടുത്താനോ കുറ്റവിമുക്തപ്പെടുത്താനോ വിദഗ്ദസമിതി തയ്യാറായിട്ടില്ല.